പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2385 | 19.03.2015-ൽ മറുപടിക്ക്

## എച്ച്.ഐ.വി. ബാധിതർ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി :

(എ) സംസ്ഥാനത്ത് കൗമാരക്കാർക്കിടയിൽ എച്ച്.ഐ.വി ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എച്ച്.ഐ.വി ബാധിതരുടെ എണ്ണം കൃത്യമായി എടുക്കുന്നതിന് സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബ് എന്നിവിടങ്ങളിൽ നിന്നും പരിശോധന വിവരങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 15 നും 24 വയസ്സിനുമിടയിൽ പ്രായമുള്ളവരെ പരിശോധിച്ചതിൽ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. കണക്കുകൾ താഴെ കൊടുക്കുന്നു.

HIV tested-positive-details of age group of 15-24 years in last 3 years

| Year | Tested | Positive | Percentage |
|---|---|---|---|
| 2012-2013 | 38650 | 415 | 1.07 |
| 2013-2014 | 39197 | 180 | 0.46 |
| 2014-2015 | 2656 | 2 | 0.08 |

(ബി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും സ്വകാര്യ ആശുപത്രികളും സംയുക്തമായി ഒപ്പിടുന്ന ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിൽ നിന്നുമുള്ള എച്ച്.ഐ.വി. ബാധിതരുടെ എണ്ണം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 40 സ്വകാര്യ ആശുപത്രികളുമായി ധാരണാപത്രം ഒപ്പിട്ടു കഴിഞ്ഞു. ബാക്കിയുള്ളവയുമായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു.

(സി) ലഹരി മരുന്ന് കുത്തിവയ്പ് തുടങ്ങിയ കാരണങ്ങളിലൂടെ എച്ച്.ഐ.വി പകരുന്നത് തടയുന്നതിനായി ആരോഗ്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ യുവാക്കൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(സി) ലഹരി മരുന്ന്, കുത്തിവയ്പ് തുടങ്ങിയ കാരണങ്ങളിലൂടെ എച്ച്.ഐ.വി. വരുന്നത് തടയുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി 7 പ്രത്യേക പദ്ധതികളിലൂടെ ലക്ഷ്യാധിഷ്ഠിത ഇടപെടൽ (Targeted Intervention) നടത്തുന്നുണ്ട്. ഇതു കൂടാതെ മയക്കുമരുന്നിന് അടിമകളായവർക്ക് കുത്തിവയ്പ് ശീലം ഉപേക്ഷിച്ച് മയക്കുമരുന്ന് വിമുക്തമാക്കാൻ വേണ്ടി ഒ.എസ്.റ്റി (Opioid Substitution Therapy) എന്ന ചികിത്സാ പരിപാടി നടപ്പാക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി. യെക്കുറിച്ചും ലഹരി വസ്തുക്കൾ, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി 550 കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൊണ്ട് നാടൻ കലാരൂപങ്ങളിലൂടെ എച്ച്.ഐ.വി / എയ്ഡ്സ്, ലഹരി വസ്തുക്കൾക്കെതിരായ സന്ദേശങ്ങൾ എന്നിവ നൽകിവരുന്നുണ്ട്. എച്ച്.ഐ.വി. എയ്ഡ്സ് മേഖലയിൽ ഇടപെടുന്നതിന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഒരു നയസമീപന മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ യുവജനങ്ങളെ കേന്ദ്രീകരിച്ച് എച്ച്.ഐ.വി. അവബോധം സൃഷ്ടിക്കുക, മയക്കുമരുന്ന് ദുരുപയോഗത്തെ പ്രതിരോധിക്കുക എന്നിവ ലക്ഷ്യമാക്കിയുള്ള പരിപാടികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തുന്നതിന് ഊർജ്ജിതമായ പരിപാടികൾ നടന്നു കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ